# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3067 10.12.2018 ൽ മറുപടിക്ക്

### ശബരിമല സന്നിധാനത്തെ പി.ഡബ്ള്യു.ഡി ഗസ്റ്റ് ഹൗസ്

ചോദ്യം
ശ്രീ.രാജു എബ്രഹാം

മറുപടി
ശ്രീ.ജി.സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) ശബരിമല സന്നിധാനത്തെ പി.ഡബ്ല്യൂ.ഡി. ഗസ്റ്റ് ഹൗസിന്റെ ഉടമസ്ഥത സംബന്ധിച്ച ഹൈക്കോടതി കേസിൽ റിസീവറെ ചുമതലപ്പെടുത്താൻ താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; കേസിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) ഉണ്ട്. ശബരിമലയിൽ പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം കൈയ്യേറി നിർമ്മിച്ച എൻജിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ പൊളിച്ചുമാറ്റാൻ പൊതുമരാമത്ത് വകുപ്പിൽ നിന്നും നോട്ടീസ് നൽകിയിരുന്നു. സൂപ്രണ്ടിംഗ് എൻജിനീയറുടെ ഓഫീസിൽ നിന്നും എൻജിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ സെക്രട്ടറിക്ക് നോട്ടീസ് നൽകുകയും രേഖകളുമായി അവർ ഹാജരാകാത്തതു കാരണം ടി കെട്ടിടം പൊതുമരാമത്ത് വകുപ്പ് ലോക്ക് ചെയ്യുകയും പിൽഗ്രിം ഷെൽട്ടർ കമ്മിറ്റിയുടെ ആളുകൾ ലോക്ക് തല്ലിപ്പൊളിക്കുകയും, അതുമായി ബന്ധപ്പെട്ട് പമ്പാ പോലീസ് സ്റ്റേഷനിൽ കേസ് നൽകുകയും ചെയ്തു. ഇതിനെ തുടർന്ന് പിൽഗ്രിം ഷെൽട്ടർ കമ്മിറ്റിയുടെ സെക്രട്ടറി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും 30/11/2016 ലെ ഇടക്കാല ഉത്തരവിൽ ശ്രീ.എ.കെ അരവിന്ദാക്ഷനെ റിസീവർ ആയി നിയമിക്കുകയും ചെയ്തു. പ്രസ്തുത കേസിൽ പൊതുമരാമത്ത് വകുപ്പിനെ പ്രതിനിധീകരിച്ച് ഹാജരായത് ശ്രീ.പി.കെ.ബാബു (മുൻ സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എൻജിനീയർ ആണ്). 14/08/2017-ലാണ് ഈ കേസ് അവസാനമായി കോടതി പരിഗണിച്ചത്. |
| (ബി) എങ്കിൽ പ്രസ്തുത കേസ് നടത്തുവാൻ ആരെയാണ് പി.ഡബ്ല്യൂ.ഡി ചുമതലപ്പെടുത്തിയിരുന്നത്; കോടതിയിൽ ഹാജരായത് | (ബി) സൂപ്രണ്ടിംഗ് എൻജിനീയർ, സൗത്ത് സർക്കിൾ, തിരുവനന്തപുരത്തിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ശ്രീ.കെ.വി. മനോജ് കുമാർ, സീനിയർ |

| | | | |
|---|---|---|---|
| | ആരാണ്; റിസീവറെ ചുമതലപ്പെടുത്തിയ വിധിക്കെതിരെ ഹൈക്കോടതിയിൽ കേസ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; നടപടി വൈകിയതിന്റെ ഉത്തരവാദി ആരാണ് എന്നറിയിക്കാമോ; | | ഗവൺമെന്റ് പ്ലീഡർ ആണ് കോടതിയിൽ ഹാജരാകുന്നത്. റിസീവറെ ചുമതലപ്പെടുത്തിയ വിധിക്കെതിരെ ഹൈക്കോടതിയിൽ കേസ് നൽകിയിട്ടില്ല. ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നും എതിർ സത്യവാങ്മൂലം സമർപ്പിക്കാത്തത് കൊണ്ടാണ് നടപടി വൈകുന്നത്. നിരവധി ഓർമ്മക്കുറിപ്പുകൾ ഇതിനകം ദേവസ്വം ബോർഡിനു നൽകിയിട്ടുണ്ട്. |
| (സി) | ഗസ്റ്റ്ഹൗസ് ഏറ്റെടുക്കുന്നതിനുള്ള പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | നിയമപരമായ നടപടികളുമായി മുമ്പോട്ടു പോകുന്നതോടൊപ്പം കേസ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഗവൺമെന്റ് പ്ലീഡറുമായി നിരന്തരം ബന്ധപ്പെട്ടു വരികയാണ്. |

**സെക്ഷൻ ഓഫീസർ**